**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **07-02-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; വിശദമാക്കാമോ; | (എ) | നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം, സംസ്ഥാനത്തെ വില്ലേജ് ഓഫീസിൽ ഒരു വില്ലേജ് ഓഫീസറും ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസറും ഒരു വില്ലേജ് അസിസ്റ്റന്റും രണ്ട് വി.എഫ്.എ.മാരും അടങ്ങുന്ന അഞ്ചു ജീവനക്കാരാണുള്ളത്. |
| (ബി) | സംസ്ഥാനത്തെ എത്ര വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ 124 ഗ്രൂപ്പ് വില്ലേജുകളിലും പുതിയതായി രൂപീകരിച്ച അഞ്ച് വില്ലേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. കൂടാതെ പി.എസ്.സി. യിൽ നിന്നും നിയമന ശിപാർശ ലഭിക്കാത്തതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകളിൽ നിയമനം നടത്തിയിട്ടില്ല. |
| (സി) | കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത വില്ലേജുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു. വില്ലേജ് ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് മുൻ കാലങ്ങളിലേത് പോലെ ജീവനക്കാരെ നിയമിച്ച് വരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തി ജീവനക്കാരുടെ കുറവ് പരിഹരിച്ച് വരുന്നുണ്ട്. |
| (ഡി) | വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് നിലവിലെ സ്റ്റാഫ് പാറ്റേൺ കാലോചിതവും ശാസ്ത്രീയവുമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ജനസംഖ്യയിലും ഭൂമിയുടെ കൈവശങ്ങളുടെ എണ്ണത്തിലും നിലവിൽ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായതനുസരിച്ച് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓരോ വില്ലേജ് ഓഫീസിലും ഒരു ക്ലാർക്കിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ